ഉത്തരം

(എ) & (ബി) പ്രാദേശിക വ്യവസായ യൂണിറ്റുകൾക്ക് നൽകി വന്നിരുന്ന സഹായങ്ങൾ നിർത്തലാക്കിയിട്ടില്ല. പത്തു ശതമാനം പ്രൈസ് പ്രിഫറൻസ് നിലവിലുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ബോർഡിന്റെ ടെൻഡറുകളിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോമുകൾ സൗജന്യമായി നൽകുകയും, ഇ.എം.ഡി. കരുതൽ നിക്ഷേപം എന്നിവ വെയ്ക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി കൊടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ചെയ്തത് വഴി ബോർഡിന്റെ കരാറുകൾ ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് അവ സപ്ലൈ ചെയ്യുന്നതിൽ ഉത്തരവാദിത്വം ഇല്ലായിരുന്നു. കരുതൽ നിക്ഷേപവും ഇ.എം.ഡി.യും വെച്ചിട്ടില്ലാത്തതുമൂലം കരാറിൽ വീഴ്ച വരുത്തുന്നവരുടെ പിഴ ഈടാക്കുവാൻ പോലും ബോർഡിന് സാധിക്കാതെ വരികയും അനന്തര ഫലമായി ബോർഡിന്റെ പല വികസന പ്രവർത്തനങ്ങൾക്കും കാലതാമസം ഉണ്ടാകുന്നത് കണക്കിലെടുത്ത് ഇത്തരം സ്ഥാപനങ്ങൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിൽ കൂടുതൽ ചുമതലാബോധം ഉണ്ടാക്കുന്നതിലേക്കായി ടെൻഡർ ഫോമിന്റെ വില ഇ.എം.ഡി കരുതൽ നിക്ഷേപം എന്നിവ മറ്റുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിന്റെ പകുതി ഈടാക്കാൻ ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്.

(സി) ടെൻഡർ വില, ഇ.എം.ഡി. കരുതൽ നിക്ഷേപം എന്നിവ ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കത്തക്ക തലത്തിലുള്ള ഭാരിച്ച തുകയല്ല. ആയതിനാൽ ഇവ ഒഴിവാക്കിയതുകൊണ്ട് ചെറുകിട വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുമെന്ന് ബോർഡിന് അഭിപ്രായമില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടെൻഡർ ഫോമുകളുടെ സംസ്ഥാന ഗവൺമെന്റിൽ ഉള്ള നിരക്കുകളാണ് ബോർഡിലുമുള്ളത്. ഇതിന്റെ പകുതിയാണ് ചെറുകിടവ്യവസായ സ്ഥാപനങ്ങൾ നൽകേണ്ടത് ഇ.എം.ഡി., പി.എ സി. തുകയുടെ രണ്ടരശതമാനമാണ്. ഇതിന്റെ പകുതിയാണ് ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കുള്ള നിരക്ക്. കരുതൽ നിക്ഷേപം, പി.എ.സി. തുകയുടെ അഞ്ചു ശതമാനമാണ്. ഇതിന്റെ പകുതിയാണ് ചെറുകിട വ്യവസായങ്ങൾക്കുള്ള നിരക്ക്. ഇങ്ങനെ കെട്ടിവയ്ക്കുന്ന തുക സാധനസാമഗ്രികൾ കരാറിൽ വീഴ്ചയൊന്നും വരുത്താതെ സപ്ലൈ ചെയ്തു കഴിഞ്ഞാൽ ഉടനെ തിരികെ നൽകുന്നതുമാണ്. ആയതിനാൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥമൂലം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാകുമെന്ന് പറയുന്നത് ശരിയല്ല.

**വ്യവസായ സ്ഥാപനങ്ങൾക്ക് ചെറുകിട വൈദ്യുത പദ്ധതികൾ കൈമാറുന്ന നടപടി**

87 (3488)ശ്രീ. എ. കണാരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ ശാലകൾക്ക് സ്വന്തമായി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിലാണ് ജലവൈദ്യുത പദ്ധതികൾ കൈമാറാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കുമോ;

(ബി) പുതിയ സംവിധാനം നിലവിൽ വരുന്നതോടെ വ്യവസായ മേഖലയ്ക്ക് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാവുമെന്നാണ് പ്രതീക്ഷി ക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇതിനകം ഏതെങ്കിലും ജലവൈദ്യുത പദ്ധതി ഏതെങ്കിലും വ്യവസായ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശ ദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജലവൈദ്യുത പദ്ധ തികൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഗവൺമെന്റ് പുതുക്കി നിശ്ചയി ക്കാൻ ആലോചിക്കുകയാണ്. ഇതിനായി നിയോഗിച്ച സ്റ്റിയറിംഗ് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്ത് ഗവൺമെന്റിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പി ക്കുന്നതിന് താരതമ്യേന ചെലവു കുറവായതിനാൽ വൈദ്യുതി ഉൽപ്പാദന ത്തിൽ ഏർപ്പെട്ടിട്ടുള്ള ഈ വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകും.

(സി) ഉണ്ട്. ഉള്ളുങ്കൽ (7 മെ.വാ) കാരിക്കയം (15 മെ.വാ) എന്നീ പദ്ധതികൾ ട്രാവൻകൂർ ഇലക്ട്രോ സ്മെൽട്ട്സ് ലിമിറ്റഡിനും കുത്തുങ്കൽ (21 മെ.വാ)- ഇൻഡ്സിൽ ഇലക്ട്രോ സ്മെൽട്ട്സ് ലിമിറ്റഡിനും, ഭൂതത്താൻകെട്ട് (16 മെ.വാ) സിൽക്കാർ മെറ്റലർജിക് ലിമിറ്റഡിനും മണിയാർ (12 മെ.വാ) കാർബോരാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനും കൈമാറിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി. യുടെ ലോൺ

88 (3489)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്;

(ബി) ഇപ്രകാരം എടുത്തിട്ടുള്ള ഓരോ വായ്പയും അതിന്റെ പലി ശയും വ്യവസ്ഥകളും വിശദീകരിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നും വിദേശ സ്ഥാപനത്തിൽ നിന്നും വാങ്ങിയ വായ്പയ്ക്ക് എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കേണ്ടതെന്ന് അറി യിക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി +ചേർത്തിട്ടുണ്ട്.

---

+ അനുബന്ധം XV

1215/2010

LIBRARY ARCHIVES Kerala Legislative Assembly